1. അസാദ്ധ്യമായ് എനിക്കൊന്നുമില്ല
എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം
ബുദ്ധിക്കതീതമാം അത്യത്ഭുതങ്ങളാൽ
എന്റെ ദൈവം എന്നെ നടത്തുന്നു

സാദ്ധ്യമെ എല്ലാം സാദ്ധ്യമെ- എൻ
യേശു എൻ കൂടെയുള്ളതാൽ

2. ഭാരം പ്രയാസങ്ങൾ വന്നിടിലും
തെല്ലും കുലുങ്ങുകയില്ല ഇനി
ബുദ്ധിക്കതീതമാം ദിവ്യ സമാധാനം
എന്റെ ഉള്ളത്തിലവൻ നിറക്കുന്നു

3. സാത്താന്യ ശക്തികളെ ജയിക്കും ഞാൻ
വചനത്തിൻ ശക്തിയാൽ ജയിക്കും ഞാൻ
ബുദ്ധിക്കതീതമാം ശക്തി എന്നിൽ നിറ-
ച്ചെന്നെ ജയാളിയായ് നടത്തുന്നു

*( Lyrics & Tune : Bro. RSV)*